## പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പത്താമത് റിപ്പോർട്ട്

( 2019 നവംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത് )

**[സമിതി (2016-2019)-യുടെ [illegible] റിപ്പോർട്ടിലെ (NDPREM പദ്ധതി സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട് സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പത്താമത് റിപ്പോർട്ട്

(2019 നവംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

സമിതി (2016-2019)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ (NDPREM പദ്ധതി സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട് സംബന്ധിച്ച്

1419/2019.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം I | .. | 1 |
| അദ്ധ്യായം II | .. | 1 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ.

ശ്രീ. വി. അബ്ദുറഹിമാൻ, എം. എൽ. എ.

ശ്രീ. ആന്റണി ജോൺ, എം. എൽ. എ.

ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

ശ്രീ. പി. ജെ. ജോസഫ്, എം. എൽ. എ.

ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.

ശ്രീ. കാരാട്ട് റസാഖ്, എം. എൽ. എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2016-2019)-യുടെ അഞ്ചാമത് റിപ്പോർട്ട് (NDPREM പദ്ധതി സംബന്ധിച്ച്) 12-3-2018-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2019 നവംബർ 13-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 13.

# റിപ്പോർട്ട്

## അദ്ധ്യായം I

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019), പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ തിരികെയെത്തിയവർക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 2012-13 സാമ്പത്തികവർഷം സർക്കാർ ആവിഷ്കരിച്ച് നോർക്ക റൂട്ട്സ് മുഖേന നടപ്പാക്കി വന്ന പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) സംബന്ധിച്ച് വിശദമായി പഠിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയ റിപ്പോർട്ട് സമിതി (2016-2019)-യുടെ അഞ്ചാമത് റിപ്പോർട്ടായി 2018 മാർച്ച് മാസം 12-ാം തീയതി സഭയിൽ സമർപ്പിക്കുകയുമുണ്ടായി. റിപ്പോർട്ടിലെ 8 ശിപാർശകളിന്മേൽ പ്രവാസി കേരളീയകാര്യ വകുപ്പ് എ 2/176/2018/നോർക്ക നമ്പർ കത്തുമുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 2-9-2019-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ടിലെ അദ്ധ്യായം 2-ൽ സമിതി ശിപാർശകളും ശിപാർശകളിന്മേൽ പ്രവാസി കേരളീയകാര്യവകുപ്പ് ലഭ്യമാക്കിയ സർക്കാർ സ്വീകരിച്ച നടപടികളടങ്ങിയ മറുപടിയും ഉൾക്കൊള്ളുന്നു.

## അദ്ധ്യായം II

സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

### ശിപാർശ ഖണ്ഡിക നമ്പർ I

ആഗോള സാമ്പത്തികമാന്ദ്യവും വിവിധ രാജ്യങ്ങളിലെ വർദ്ധിച്ചുവരുന്ന സ്വദേശിവത്ക്കരണവും നിരവധി പ്രവാസി മലയാളികളുടെ തൊഴിൽ നഷ്ടപ്പെടാൻ കാരണമാകുന്നു. ഈ സാഹചര്യത്തിൽ പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ നടപ്പിലാക്കുന്ന NDPREM പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിനും പദ്ധതിയുടെ ആനുകൂല്യങ്ങൾ കൂടുതൽ എത്തിക്കുന്നതിനും നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്നിരിക്കെ, പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് കുറ്റമറ്റ നിരീക്ഷണസംവിധാനം ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകൾ കേന്ദ്രീകരിച്ച് നോർക്ക റൂട്ട്സ് ഹോം ഓതന്റിക്കേഷൻ ഓഫീസർമാരുടെയും, സെന്റർ മാനേജർമാരുടെയും നിരീക്ഷണത്തിൽ NDPREM പദ്ധതിക്കായി അപേക്ഷിക്കുന്നവരുടെ ട്രെയിനിംഗ്/സ്ക്രീനിംഗ് നടപടികൾ ഏകോപിപ്പിച്ച് നടത്തി വരുന്നു. ഇതിന് പുറമേ

അപേക്ഷകർക്ക് സ്വയംതൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം/പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കായി സർക്കാർ ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആനുകൂല്യം കൂടുതൽ പേരിലെത്തിക്കുന്നതിന്റെ ഭാഗമായി വിവിധ ദേശസാൽകൃത ബാങ്കുകളുടെ സഹകരണം തേടുകയും ചില ബാങ്കുകൾ കരാറിലേർപ്പെടാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരാർ ഒപ്പുവയ്ക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. അതോടൊപ്പം സഹകരണ മേഖലയുമായി ചേർന്ന് പദ്ധതി വിപുലപ്പെടുത്തുന്നതിലേക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്. അപേക്ഷിക്കുന്നവർക്ക് കാലതാമസം കൂടാതെ നടപടിക്രമങ്ങൾ ലഘൂകരിച്ച് തുക അനുവദിക്കുന്ന നടപടികൾ സ്വീകരിക്കണമെന്ന് ബാങ്കധികൃതരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ ഖണ്ഡിക നമ്പർ 2</u>

പ്രവാസികളുടെ വിദേശ തൊഴിൽ വിപണിക്കുള്ള ഭീഷണി തുടരാൻ സാധ്യതയുള്ളതിനാൽ NDPREM പദ്ധതി കൂടുതൽ വിപുലപ്പെടുത്തി ഒരു തുടർ പദ്ധതിയായി മുന്നോട്ട് കൊണ്ട് പോകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

NDPREM പദ്ധതി തുടർപദ്ധതിയായി മുന്നോട്ട് കൊണ്ടുപോകണമെന്ന് തന്നെയാണ് സർക്കാർ തീരുമാനം. ഇതിനായി 2018-19 സാമ്പത്തിക വർഷത്തേക്ക് 15 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ ഖണ്ഡിക നമ്പർ 3</u>

വിദേശങ്ങളിൽ നിന്ന് തിരിച്ചെത്തുന്നവർക്കെന്നപോലെ ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരേണ്ടി വരുന്ന മറുനാടൻ മലയാളികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിദേശങ്ങളിൽ നിന്നും തിരിച്ചെത്തുന്നവർക്കെന്നപോലെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്നവരെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിപുലപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

<u>ശിപാർശ ഖണ്ഡിക നമ്പർ 4</u>

ധാരണാപത്രം ഒപ്പുവച്ച ദേശസാൽകൃത ബാങ്കുകൾ വായ്പ നൽകാൻ വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനതല ബാങ്കിംഗ് സമിതിയുമായി സർക്കാർ ചർച്ച നടത്തി അനുകൂല സമീപനം സൃഷ്ടിക്കുന്നതോടൊപ്പം കൂടുതൽ ബാങ്കുകളെയും സഹകരണ ബാങ്കുകൾ, പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ

വികസന കോർപ്പറേഷൻ, കെ.എഫ്.സി., കെ.എസ്.എഫ്.ഇ. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയേയും ഈ സംരംഭത്തിൽ പങ്കാളികളാക്കുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

NDPREM പദ്ധതിയുമായി നിലവിൽ സഹകരിക്കുന്ന ദേശസാൽകൃത ബാങ്കുകൾക്ക് പുറമേ പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ പൊതുമേഖലാസ്ഥാപനങ്ങളുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന് പുറമേ സഹകരണമേഖലയിലെ ബാങ്കുകളുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കേരള സംസ്ഥാന പ്രവാസിക്ഷേമ വികസന കോപ്പറേറ്റീവ് സൊസൈറ്റി, കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ & റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക് എന്നീ സഹകരണമേഖലയിലുള്ള സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

ശിപാർശ ഖണ്ഡിക നമ്പർ 5

വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ഓരോ പ്രദേശത്തിന്റെയും സാധ്യതയും വിപണി മൂല്യവും മനസ്സിലാക്കി അനുയോജ്യമായ വ്യവസായസംരംഭങ്ങൾക്ക് പരിശീലനം നൽകി അത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് തിരികെയെത്തുന്ന പ്രവാസികളെ പ്രാപ്തരാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

NDPREM പദ്ധതിയുടെ ട്രെയിനിംഗ് സെഷനുകൾ വ്യവസായ വകുപ്പിന്റെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിയാണ് സംഘടിപ്പിക്കുന്നത്. പ്രസ്തുത ട്രെയിനിംഗുകളിൽ ജില്ലാ വ്യവസായകേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ NDPREM പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് നൽകി വരുന്നുണ്ട്.

ശിപാർശ ഖണ്ഡിക നമ്പർ 6

ഈ പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങളിൽ വകുപ്പ് കൂടുതൽ ശ്രദ്ധ ചെലുത്തുകയും പ്രവർത്തനപുരോഗതി വിലയിരുത്തുകയും വിശദാംശങ്ങൾ സൂക്ഷിക്കുകയും ചെയ്യാനുള്ള സംവിധാനം നോർക്ക റൂട്ട്സിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

NDPREM പദ്ധതി ഗുണഭോക്താക്കളെയും സംരംഭങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിക്കുന്നതിലേയ്ക്കായി സോഫ്റ്റ്‌വെയർ സംവിധാനം ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ശിപാർശ ഖണ്ഡിക നമ്പർ 7

ഈ സംരംഭങ്ങളിലൂടെയുള്ള ഉൽപ്പന്ന വിപണനത്തിനായി സർക്കാർ ഏജൻസികളുടെ നേതൃത്വത്തിൽ നടത്തുന്ന വിപണനമേളകളിൽ പ്രത്യേക പരിഗണനയും സൗജന്യങ്ങളും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ ഏജൻസികൾ നടത്തുന്ന വിപണനമേളകളിൽ NDPREM സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിപണനത്തിനായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സാധ്യത പരിശോധിക്കുന്നതാണ്.

ശിപാർശ ഖണ്ഡിക നമ്പർ 8

NDPREM പദ്ധതി പ്രകാരം 2012-13 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2012-13 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

**Rehabilitation of Returnee Migrants**

| | Allocation | Spill Over/Resumed | Released | Total | Utilized | Balance |
|---|---|---|---|---|---|---|
| 2012-13 | 200,00,000.00 | | 100,00,000.00 | 100,00,000.00 | 88,328.00 | 99,11,672.00 |
| 2013-14 | 297,00,000.00 | 99,11,672.00 | 148,50,000.00 | 247,61,672.00 | 184,44,263.00 | 63,17,409.00 |
| 2014-15 | 500,00,000.00 | 63,17,409.00 | 500,00,000.00 | 563,17,409.00 | 409,31,408.00 | 153,86,001.00 |
| 2015-16 | 875,00,000.00 | 153,86,001.00 | 500,00,000.00 | 653,86,001.00 | 403,07,629.00 | 250,78,372.00 |
| 2016-17 | 1200,00,000.00 | 250,78,372.00 | 375,00,000.00 | 625,78,372.00 | 396,78,456.00 | 228,99,916.00 |
| 2017-18 | 1635,00,000.00 | 228,99,916.00 | 1200,00,000.00 | 1428,99,916.00 | 441,00,646.00 | |
| 2018-19 | 1500,00,000.00 | 772,72,992.00 | | 772,72,992.00 | 403,51,034.00 | 369,21,958.00 |

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 13.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.